I/170373/2023

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.** DME/3511 (1)/2023-B1 **തീയതി: 05-08-2023**

സ്വീകർത്താവ്,
പ്രവേശന പരീക്ഷ കമ്മീഷ്ണർ
KSRTC ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ -695001

സർ/മാഡം,

വിഷയം : മെ.വി.വ. - വിദ്യാഭ്യാസകാര്യം - കീം (KEAM) 2023- MBBS പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച സ്പോർട്സ് ക്വാട്ട സീറ്റുകൾ വ്യക്തിഗത ഇനങ്ങളിലും ടീം ഇനങ്ങളിലും അനുവദിക്കുന്നതിലേയ്ക്കായുള്ള റിപ്പോർട്ട് - സംബന്ധിച്ച്

സൂചന :

1. സ.ഉ. (സാധാ)നം. 1857 / 2023 / H&FWD, തീയതി 27.07.2023
2. സ.ഉ. (സാധാ)നം. 1139 / 2023 / H&FWD, തീയതി 13.05.2023
3. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിന്നുമുള്ള 03.08.2023-ലെ KSSC / E1/4577/2023 നമ്പർ കത്ത്
4. താങ്കളുടെ 02.08.2023-ലെ CEE/460/2023-TA4 നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2023-2024 അധ്യയന വർഷം മുതൽ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ പ്രവേശനത്തിൽ ഇടുക്കി, കോന്നി, കണ്ണൂർ, കൊല്ലം എന്നീ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒരു എം.ബി.ബി.എസ് സീറ്റ് വീതം (ആകെ 4 സീറ്റുകൾ) സ്പോർട്സ് ക്വാട്ട മുഖേന പ്രവേശനം നടത്തുന്നതിനായി അനുവദിച്ച സൂചന (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. 2023-24 അക്കാഡമിക് വർഷം മുതൽ പ്രസ്തുത സീറ്റുകൾ വക്തിഗത ഇനങ്ങളിലും, ടീം ഇനങ്ങളിലും

അനുവദിക്കുന്നതിനുള്ള മാനദണ്ഡം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കേണ്ടതാണെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്.

സൂചന (3) പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിന്നും ലഭ്യമായ കത്തിൽ 2023-2024 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സുമായി (KEAM) ബന്ധപ്പെട്ട പ്രവേശനത്തിൽ സ്പോർട്സ് ക്വാട്ടയിൽ കൊല്ലത്ത് വ്യക്തിഗത ഇനത്തിനും, കോന്നിയിൽ ടീം ഇനത്തിനും, കണ്ണൂരിൽ വ്യക്തിഗത ഇനത്തിനുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

സൂചന (2) പ്രകാരമുള്ള ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഒരു സ്പോർട്സ് ക്വാട്ട സീറ്റ് വ്യക്തിഗത ഇനത്തിനാണോ, ടീം ഇനത്തിനാണോ അനുവദിക്കേണ്ടതെന്നുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

മേൽ പ്രസ്താവിത സാഹചര്യത്തിൽ, 2023-2024 അധ്യയന വർഷത്തെ എം.ബി.ബി.എസ് പ്രവേശനവുമായി ബന്ധപ്പെട്ട് സ്പോർട്സ് ക്വാട്ടയിൽ കൊല്ലത്ത് വ്യക്തിഗത ഇനത്തിനും, കോന്നിയിൽ ടീം ഇനത്തിനും, കണ്ണൂരിൽ വ്യക്തിഗത ഇനത്തിനും അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഒരു സ്പോർട്സ് ക്വാട്ട സീറ്റ് വ്യക്തിഗത ഇനത്തിനാണോ, ടീം ഇനത്തിനാണോ അനുവദിക്കേണ്ടതെന്നുള്ള വിവരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിന്നുമുള്ള റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് താങ്കൾക്ക് ലഭ്യമാക്കുന്നതാണെന്നും ഇതോടൊപ്പം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 05-08-2023 12:30:46

THOMAS MATHEW

DIRECTOR

ഉള്ളടക്കം: മേൽ പറഞ്ഞത്

150 YEARS OF CELEBRATING THE MAHATMA
KERALA STATE SPORTS COUNCIL
SPORTS KERALA SPORTS FOR LIFE

നമ്പർ. കെ.എസ്.എസ്.സി /E1/4577/2023 തീയതി: 03.08.2023

സെക്രട്ടറി

ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചത് - സംബന്ധിച്ച്

സൂചന:- 1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് അയച്ച 02.03.2023 ലെ ഡി.എം.ഇ/3511/23/ബി1 നമ്പർ കത്ത്
2. 27.07.2023 ലെ സ.ഉ(സാധാ) നം.1857/2023/H&FWD നമ്പർ ഉത്തരവ്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു കൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2023 -24 അദ്ധ്യയന വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സുകളുടെ (കീം) പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റിയുടെ ശിപാർശ കണക്കിലെടുത്തു കൊണ്ട് അനുവദിച്ച കൊല്ലം, കോന്നി, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് ഒരു സീറ്റ് വീതം ചുവടെ ചേർക്കും പ്രകാരം അനുവദിക്കുന്നതിനും, വരും വർഷം ടീമിനത്തിന് മുൻഗണന നൽകിക്കൊണ്ട് സ്പോർട്സ് ക്വാട്ട മുഖേന പ്രവേശനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

1. കൊല്ലം - വ്യക്തിഗതയിനം
2. കോന്നി - ടീമിനം
3. കണ്ണൂർ - വ്യക്തിഗതയിനം

വിശ്വസ്തതയോടെ

അസിസ്റ്റന്റ് സെക്രട്ടറി (അഡ്മിൻ )
സെക്രട്ടറിക്കു വേണ്ടി

പകർപ്പ്

എൻട്രൻസ് കമ്മീഷണറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം

U. SHARAFALI
President
Phone : 0471 - 2331546, 2325883
E-mail : president.kssc@gmail.com

LEENA . A
Secretary
Phone : 0471-2331546
Email : secretary1.kssc@gmail.com

'ഭരണഭാഷ മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

KERALA STATE SPORTS COUNCIL

SPORTS KERALA SPORTS FOR LIFE

നമ്പർ. കെ.എസ്.എസ്.സി /E1/4577/2023 തീയതി: 09.08.2023

സെക്രട്ടറി

ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചത് - സംബന്ധിച്ച്

സൂചന:- 1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് അയച്ച 02.03.2023 ലെ ഡി.എം.ഇ/3511/23/ബി1 നമ്പർ കത്ത്
2. 27.07.2023 ലെ സ.ഉ(സാധാ) നം.1857/2023/H&FWD നമ്പർ ഉത്തരവ്
3. 05.08.2023 ലെ ഡി.എം.ഇ/3511/2023 - ബി1 നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. 2023 -24 അദ്ധ്യയന വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സുകളിലേക്ക് (കീം) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന് അനുവദിച്ച ഒരു സീറ്റ് ടീമിനത്തിന് നൽകിക്കൊണ്ട് സ്പോർട്സ് ക്വാട്ട മുഖേന പ്രവേശനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

പകർപ്പ്
എൻട്രൻസ് കമ്മീഷണറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം

**U. SHARAFALI**
President
Phone : 0471 - 2331546, 2325883
E-mail : president.kssc@gmail.com

**LEENA . A**
Secretary
Phone : 0471-2331546
Email : secretary1.kssc@gmail.com